(സി) മുൻ സർക്കാർ സീനിയോറിറ്റി മറികടന്ന് അസിസ്റ്റന്റ് എന്റമോളജിസ്റ്റ്-എന്റമോളജിസ്റ്റ് തസ്തികയിൽ നടത്തിയ നിയമനങ്ങൾ റദ്ദാക്കി സീനിയോറിറ്റിയോ വിദ്യാഭ്യാസ യോഗ്യതയോ പ്രകാരം അർഹരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അസിസ്റ്റന്റ് എന്റമോളജിസ്റ്റ് നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് ഇല്ല. 25-2-1994-ലെ ജി.ഒ. (എംഎസ്.) 45/94/ആകുവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) മുൻ സർക്കാരിന്റെ കാലത്ത് സീനിയോറിറ്റി മറികടന്ന് അസിസ്റ്റന്റ് എന്റമോളജിസ്റ്റ് തസ്തികയിൽ ആർക്കും നിയമനം നൽകിയിട്ടില്ല. മുന് പ്രിവിലിനറി ലിസ്റ്റ് സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ ഉണ്ടായിരുന്നത് തീർപ്പ് കൽപ്പിച്ച് ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് അതിൽനിന്നും സീനിയോറിറ്റിയും ഗവൺമെന്റ് ഉത്തരവും അനുസരിച്ച് 5 പേരെ നിയമിക്കുകയും ചെയ്തു. അഞ്ചുപേരുടെ നിയമനം സംബന്ധിച്ച് യാതൊരു പരാതിയും ഇല്ല.

പാരാമെഡിക്കൽ ഡയറക്ടറേറ്റ് രൂപീകരണം

83 (6788) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാരാമെഡിക്കൽ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾ

84 (6789) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നടത്തിവരുന്ന പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾ ഏതൊക്കെയാണ് ; എത്ര വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സുകൾ പഠിക്കുന്നുണ്ട് ; സർക്കാർ, സ്വാശ്രയ കോളേജുകളുടെ വിശദാംശം നൽകുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോഴ്സുകളിൽ പി.എസ്.സി. അംഗീകാരം ഇല്ലാത്തവ ഏതെല്ലാം ; പി.എസ്.സി.യുടെ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത കോഴ്സുകൾ പഠിപ്പിക്കുന്നതിന് അധ്യാപകരോ അടിസ്ഥാന സൗകര്യങ്ങളോ കോളേജുകളിൽ ലഭ്യമാണോ ;

(ഡി) പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളുടെ സിലബസ് അവസാനമായി പരിഷ്ക്കരിച്ചത് എപ്പോഴാണ് ; സിലബസ് പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾ സമഗ്രമായി പരിഷ്ക്കരിക്കുന്നതിനും സർക്കാർ അംഗീകാരം ഇല്ലാത്ത സ്ഥാപനങ്ങൾ വ്യാജകോഴ്സുകൾ നടത്തുന്നത് തടയാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

(ബി) മുകളിൽ പറഞ്ഞവയിൽ 5,6,7,8,9,10 നമ്പർ കോഴ്സുകൾ പഠിച്ച കുട്ടികളെ നിലവിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നില്ല. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ റൂൾസ് സർക്കാർ പരിഗണനയിലാണ്. പ്രസ്തുത കോഴ്സുകളും ഇതിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങുന്നതിന് അദ്ധ്യാപകരും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പുവരുത്തിയശേഷമാണ് കോഴ്സുകൾ പഠിപ്പിക്കുന്നതിന് അംഗീകാരം നൽകുന്നത്.

(ഡി) സിലബസ് പരിഷ്ക്കരിച്ചിട്ടില്ല. പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജിനെ യൂണിവേഴ്സിറ്റി കോളേജായി പ്രഖ്യാപിക്കാൻ നടപടി

85 (6790) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിനെ ആരോഗ്യ സർവ്വകലാശാലയുടെ കീഴിലുള്ള യൂണിവേഴ്സിറ്റി കോളേജ് ആയി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly